# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 24 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല തീർഥാടനം: ഭക്തർക്കും ജീവനക്കാർക്കുംസേവനമൊരുക്കി ആയുർവേദ വകുപ്പ്

മണ്ഡലകാല തീർഥാടനത്തോട് അനുബന്ധിച്ച് സന്നിധാനത്ത് ഭക്തർക്കും ജീവനക്കാർക്കും സേവനമൊരുക്കി ആയുർവേദ വകുപ്പ്. ഇതിനായി അഞ്ച് ഡോക്ടർമാര് ഉൾപ്പെടെ 12 ജീവനക്കാരാണ് സന്നിധാനത്തെ ആയുർവേദ ആശുപത്രിയില് മുന് വർഷങ്ങളില് സേവനമനുഷ്ഠിച്ചിരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തില് ഈ മണ്ഡല കാലത്ത് ഭക്തരുടെ എണ്ണം നിയന്ത്രിച്ചതിനാല് രണ്ട് ഡോക്ടർമാര്, ഒരു ഫാർമസിസ്റ്റ്, ഒരു തെറാപ്പിസ്റ്റ് എന്നിവരടങ്ങുന്ന ആറ് ജീവനക്കാരാണ് സന്നിധാനത്ത് ഇപ്പോഴുള്ളത്.മലകയറി വരുന്ന ഭക്തർക്ക് പേശീവലിവ്, വേദന എന്നിവക്കുള്ള കുഴമ്പ് ഉൾപ്പെടെയുള്ള മരുന്നുകളാണ് പ്രധാനമായും ലഭ്യമാക്കുന്നത്. ഇതിന് പുറമേ ദേവസ്വം, പോലീസ് തുടങ്ങി സന്നിധാനത്ത് ദിവസങ്ങള് താമസിച്ച് ജോലി ചെയ്യുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും ഇവിടെ നിന്നും ചികിത്സ നൽകി വരുന്നു. ചുമ, പനി, ജലദോഷം എന്നിവയ്ക്കുള്ള മരുന്നുകള് ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്.ഇതിന് പുറമേ സുഖായുഷ്യം, സ്വാസ്ഥ്യം, പുനർജനി, അമൃതം എന്നീ വിഭാഗങ്ങളില് ഉൾപ്പെടുന്ന മരുന്നുകളും ഇവിടെയുണ്ട്. കോവിഡ് ബാധിച്ച് രോഗ മുക്തി നേടിയവർക്ക് സാധാരണ ഗതിയിലുണ്ടാവുന്ന ചുമയ്ക്കും ശ്വസന സംബന്ധമായ പ്രശ്നങ്ങൾക്കുമാണ് പുനർജനി വിഭാഗത്തില് നിന്നുള്ള മരുന്ന് നൽകുക. അറുപത് വയസിന് താഴെയുള്ളവർക്കായി നൽകുന്നത് സ്വാസ്ഥ്യം വിഭാഗത്തിൽപ്പെട്ട മരുന്നുകളാണ്. ക്വാറന്റൈനില് കഴിയുന്നവർക്കായി അമൃതം വിഭാഗത്തിലും 60 വയസിന് മുകളിലുള്ളവർക്കായി സുഖായുഷ്യം വിഭാഗത്തിലുമുള്ള മരുന്നും

സന്നിധാനത്തെത്തിച്ചിട്ടുണ്ട്.  ഭക്തർക്കും ജീവനക്കാർക്കുമായി പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനുള്ള മരുന്നുകളും ഇവിടെ നിന്നും നൽകുന്നുണ്ട്. ഇതിനായി ഷഡംഗ പാന ചൂർണമാണ് പ്രധാനമായും വിതരണം ചെയ്യുന്നത്. ഇതിന് പുറമേ സന്നിധാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും കൊതുക് നശീകരണത്തിനായി അപരാജിത ചൂർണം വിതരണം ചെയ്യുന്നുണ്ട്. പ്രതിദിനം 150 നും 200 നും ഇടയില് ആളുകള് ഇവിടെ ചികിത്സ തേടുന്നുണ്ടെന്ന് മെഡിക്കല് ഓഫീസര് ഇന് ചാർജ് ഡോ. മനേഷ് കുമാര് പറഞ്ഞു. കിടത്തി ചികിത്സയ്ക്കുള്ള സൗകര്യമുണ്ടെങ്കിലും കോവിഡ് സാഹചര്യത്തില് ഈ സേവനം നൽകുന്നില്ല.  കേരളത്തിലെ വിവിധ ആയുർവേദ ആശുപത്രികളില് നിന്നുള്ള ജീവനക്കാരെ ഏഴ് ദിവസത്തെ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് സന്നിധാനത്തേക്ക് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. രാവിലെ ഏഴ് മുതല് രാത്രി ഒമ്പത് വരെയും ആശുപത്രിയുടെ സേവനം ലഭ്യമാണ്.

**(പി.ആര്. ശബരി - (137)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 24 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ഹരിവരാസനം പുരസ്കാരം വീരമണി രാജുവിന്

2021ലെ ഹരിവരാസനം പുരസ്കാരത്തിന് ഗായകന് എം.ആർ. വീരമണി രാജുവിനെ തെരഞ്ഞെടുത്തു. മലയാളം, തമിഴ്, തെലുങ്ക് ഭാഷകളിലായി ആയിരകണക്കിന് ഭക്തിഗാനങ്ങള് ആലപിച്ച വീരമണി രാജു തമിഴ്നാട് സർക്കാരിന്റെ കലൈമാമണി അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾക്ക് നേരത്തെ അർഹനായിട്ടുണ്ട്. അടുത്തമാസം മകരവിളക്ക് ദിവസം ശബരിമല സന്നിധാനത്ത് നടക്കുന്ന ചടങ്ങില് വച്ച് എം.ആർ. വീരമണി രാജുവിന് ഹരിവരാസനം പുരസ്കാരം സമ്മാനിക്കുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രന് അറിയിച്ചു. ഒരു ലക്ഷം രൂപയാണ് പുരസ്കാര തുക.

(പി.ആര്. ശബരി - (138)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 24 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല മണ്ഡല പൂജാ ഉത്സവം: പോലീസിന്റെ സുരക്ഷാ ഒരുക്കങ്ങള് പൂർത്തിയായി

ശബരിമല മണ്ഡല പൂജയോട് അനുബന്ധിച്ച് പോലീസിന്റെ സുരക്ഷാ മുന്നൊരുക്കങ്ങള് പൂർത്തിയായതായി സന്നിധാനം പോലീസ് സ്പെഷ്യല് ഓഫീസര് എ.എസ്. രാജു പറഞ്ഞു. തങ്ക അങ്കി ഘോഷയാത്ര വ്യാഴാഴ്ച ഉച്ചയ്ക്ക് ഒന്നരയോടെ പമ്പയിലെത്തും. പമ്പയില് നിന്നും ഉച്ചകഴിഞ്ഞ് മൂന്നിന് പുറപ്പെടുന്ന ഘോഷയാത്ര പരമ്പരാഗത പാത വഴി വൈകിട്ട് അഞ്ചിന് ശരംകുത്തിയിലെത്തും. ഇവിടുത്തെ സ്വീകരണത്തിന് ശേഷം വൈകിട്ട് ആറിന് തങ്ക അങ്കി ഘോഷയാത്ര സന്നിധാനത്തെത്തും. പ്രത്യേക പോലീസ് സംഘം തങ്ക അങ്കിയെ അനുഗമിക്കും. തങ്ക അങ്കി എത്തുന്ന സമയത്ത് സന്നിധാനത്ത് തീർഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ദർശനത്തിന് ക്രമീകരണങ്ങള് വരുത്തിയിട്ടുണ്ട്. പതിവ് പോലെ ഉച്ചയ്ക്ക് ഒന്നു വരെ മാത്രമേ ദർശനം അനുവദിക്കു. ഉച്ചയ്ക്ക് ഒന്നിനു ശേഷം ഭക്തരെ സന്നിധാനത്ത് തുടരാന് അനുവദിക്കില്ല. ഇതിന്റെ ഭാഗമായി രാവിലെ 11.30 ന് ശേഷം നിലയ്ക്കലില് നിന്ന് ഭക്തരെ പമ്പയിലേക്ക് കടത്തി വിടുകയില്ല. തങ്ക അങ്കി സന്നിധാനത്ത് എത്തി ദീപാരാധനയ്ക്കു ശേഷം മാത്രമേ ഭക്തരെ ദർശനത്തിന് അനുവദിക്കൂ. വൈകിട്ട് അഞ്ച് മുതല് പമ്പയില് നിന്നും സന്നിധാനത്തേക്ക് ദർശനത്തിനായി കടത്തി വിടും. തുടർന്ന് ഹരിവരാസനം പാടി നട അടയ്ക്കും വരെയും ഭക്തരെ ദർശനത്തിന് അനുവദിക്കും.

നിലവില് സന്നിധാനത്ത് ഡ്യൂട്ടിയിലുള്ള പോലീസ് സംഘം തന്നെയാവും 25 നും സുരക്ഷയൊരുക്കുക. അത്യാവശ്യ ഘട്ടത്തില് കൂടുതല് സേനയെ വിന്യസിക്കേണ്ടി വന്നാല് മണിയാർ, പത്തനംതിട്ട എന്നിവിടങ്ങളിലെ

ക്യാമ്പുകളില് പോലീസ് സംഘത്തെ സജ്ജമാക്കിയിട്ടുണ്ടെന്നും പോലീസ് സ്പെഷ്യല് ഓഫീസര് പറഞ്ഞു.

**(പി.ആര്. ശബരി - (139)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.